ഉത്തരം

(എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുക, താലൂക്ക് മെഡിക്കൽ സ്റ്റോർ അനുവദിക്കുക, മേജർ ആശുപത്രികളിൽ സ്റ്റോർ സൂപ്രണ്ട് തസ്തികകൾ സൃഷ്ടിക്കുക, അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം നടത്തുക, ഉത്തരവാദിത്വവും ചുമതലയും നിർവഹിക്കുക എന്നിവയായിരുന്നു പ്രസ്തുത ആവശ്യങ്ങൾ.

(സി) മിക്കവാറും എല്ലാ മേജർ ആശുപത്രികളിലും സ്റ്റോർ സൂപ്രണ്ടുമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 29-4-1986-ലെ എം. എസ്. 82/86/ആ. കു. വ. സർക്കാർ ഉത്തരവനുസരിച്ച് ഉത്തരവാദിത്വവും ചുമതലയും നിജപ്പെടുത്തിയിട്ടുണ്ട്. മറ്റ് ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

ശ്രീമതി കെ. ഭവാനിയുടെ സസ്പെൻഷൻ നടപടി

1545. [2312] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിലെ 2-ാം ഗ്രേഡ് അറ്റൻഡർ ശ്രീമതി കെ. ഭവാനിയെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തത് എന്നു മുതലാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) സസ്പെൻഡ് ചെയ്യാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ശ്രീമതി ഭവാനിയെ സർവീസിൽ തിരിയെ പ്രവേശിപ്പിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30-7-1985 മുതൽ സസ്പെൻഡ് ചെയ്തു.

(ബി) പ്രസവ വാർഡിൽ അഡ്മിറ്റ് ചെയ്തിരുന്ന രോഗിയുടെ ഭർത്താവിനോട് 50 രൂപ കൈക്കൂലിയായി ചോദിച്ചുവാങ്ങിയെന്ന ആരോപണത്തിൻമേൽ ശ്രീമതി ഭവാനിയെ 30-7-1985-ന് അറസ്റ്റു ചെയ്യുകയും അതേ ദിവസം രാത്രി 8.45-ന് ജാമ്യത്തിൽ വിടുകയും ചെയ്തു എന്ന ആലപ്പുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിൻപ്രകാരമാണ് ശ്രീമതി ഭവാനിയെ സർവീസിൽ നിന്നു സസ്പെൻഡ് ചെയ്തത്.

(സി) ഈ കേസിനെ സംബന്ധിച്ച് അന്വേഷണങ്ങൾ പോലീസ് വിജിലൻസ് വകുപ്പ് പൂർത്തിയാക്കിയിട്ടില്ല.

ആശുപത്രികളിലെ മാസ്സിയേർസ് ട്രെയിനിംഗ് പാസായവർ

1546. [2314] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആയുർവേദ ആശുപത്രികളിൽ മാസ്സിയേഴ്സ് ട്രെയിനിംഗ് പാസായ എത്രപേർ ജോലി നോക്കുന്നുണ്ട് ;

(ബി) മാസ്സിയേർസ് ട്രെയിനിംഗ് പാസായി ആയുർവേദ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ വേതനം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 12 പേർ.

(ബി) ഇതു സംബന്ധിച്ച ഒരു നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്.

ഗവൺമെന്റ് ആയുർവേദ ട്രെയിൻഡ് മാസ്സിയർ

1547. [2315] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ആയുർവേദ ട്രെയിൻഡ് മാസ്സിയർമാരുടെ വേതനം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിച്ചുവരുന്നു.

മരുതോങ്കര പഞ്ചായത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ആയുർവേദ ആശുപത്രി

1548. [2316] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുതോങ്കര പഞ്ചായത്തിൽ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ള ആയുർവേദ ആശുപത്രി എപ്പോഴാണ് തുറന്നു പ്രവർത്തനം ആരംഭിക്കുക ;

(ബി) ഈ സാമ്പത്തിക വർഷത്തിൽത്തന്നെ പ്രസ്തുത ആശുപത്രി തുറന്ന് പ്രവർത്തനം തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മരുതോങ്കര പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി തുടങ്ങാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

പൊൻമുടിയും കോവളവും തമ്മിൽ ബന്ധിപ്പിക്കുന്ന 'റോപ്പുവേ'

1549. [2317] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളായ പൊൻമുടിയും കോവളവും തമ്മിൽ ബന്ധിപ്പിക്കുന്ന 'റോപ്പുവേ' നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അതിന് എന്തു ചെലവുവരുമെന്നും എപ്പോൾ തുടങ്ങുമെന്നും അതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly